(ബി-സി) ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, സുതാര്യമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.-യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കായികതാരങ്ങൾക്ക് അവധി

3 (3) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയതലത്തിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും പരിശീലനങ്ങൾക്കും ആവശ്യമായ അവധി അനുവദിക്കാത്തതായ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇപ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവയിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വകുപ്പദ്ധ്യക്ഷന്മാരും ഉയർന്ന ഉദ്യോഗസ്ഥതലത്തിലും നിരസിക്കുകയും അതുകാരണം മികച്ച കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ തെളിയിക്കാനുള്ള അവസരം നഷ്ടമാകുന്നതും പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മതിയായ അവധി അനുവദിക്കാത്തതു കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) സർക്കാർ ജീവനക്കാരായ കായികതാരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി നിലവിലുള്ള നിയമപ്രകാരം പ്രതിവർഷം 90 ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്. കൂടാതെ 35-ാം ദേശീയ ഗെയിംസിൽ പങ്കെടുത്ത സംസ്ഥാന ടീമിലെ അംഗങ്ങളായ സർക്കാർ /പൊതുമേഖല ജീവനക്കാർക്ക് നിലവിൽ അനുവദനീയമായ സ്പെഷ്യൽ കാഷ്വൽ ലീവിന് പുറമേ പ്രസ്തുത ഗെയിംസിന്റെ പരിശീലനം, മത്സരം എന്നിവയ്ക്കായി കൂടുതലായി ആവശ്യം വരുന്നത്ര ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ദേശീയ ഗെയിംസിന് മുമ്പ് നടന്ന മത്സരങ്ങളിൽ പങ്കെടുത്തതിന് അനുവദനീയമായതിൽ കൂടുതൽ പ്രത്യേക കാഷ്വൽ ലീവ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പരിശീലന മത്സര കാലഘട്ടം സ്പെഷ്യൽ കാഷ്വൽ അവധി അനുവദിക്കുന്ന വിഷയം പരിശോധിച്ച് വരികയാണ്.

പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനം

4 (4) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം പരീക്ഷകളാണ് പ്രസ്തുത സംവിധാനത്തിൽ ഇതുവരെ നടത്തിയിട്ടുള്ളത്;

(സി) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകൾക്കും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. വേഗത്തിൽ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുക ചോദ്യ ചോർച്ച ഒഴിവാക്കുക എന്നിവയൊക്കെയാണ് ഉദ്ദേശങ്ങൾ. ഇതുവരെ ഓൺലൈനായി താഴെ പറയുന്ന പരീക്ഷകൾ നടത്തിയിട്ടുണ്ട് :

(1) KSRTC Asst.Engineer (Civil) SR for SC/ST
(2) HSST (Computer Science) SR for ST
(3) Pharmacist Grade- II (Ayurveda)
(4) Pharmacist Grade-II (Health Services) NCA-OX (Kozhikode)
(5) Lecturer in Physics, Collegiate Education NCA - Muslim
(6) Medical Records Librarian Grade -II (Health Services)
(7) Chief General Manager, Apex societies of Co-operative Sector
(8) Chief General Manager, Kerala State Co-operative Bank.

LIBRARY ARCHIVES Kerala Legislative Assembly